കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്
പയമ്പ്ര(പോസ്റ്റ്), കോഴിക്കോട്– 673571, ഫോൺ- 0495 2810295,
E-mail - secretarykuruvattoor @gmail.com

===============================================================

നമ്പർ ജെ സി-2/6712/23 തീയ്യതി. 31.5.2023

സെക്രട്ടറി
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

കൺവീനർ & ഇന്റേണല് വിജിലൻസ് ഓഫീസർ
ഉപജില്ലാതല അദാലത്ത് കമ്മിറ്റി - 2
തദ്ദേശ സ്വയംഭരണ വകുപ്പ് , കോഴിക്കോട്.

സർ,

വിഷയം : സ്ഥിര അദാലത്ത് കമ്മിറ്റിയിൽ ലഭിച്ച പരാതി കെട്ടിട നമ്പർ അനുവദിച്ച് നൽകാത്തത് - സംബന്ധിച്ച്.

സൂചന : അങ്ങയുടെ ഓഫീസിലെ 22.05.2023 ലെ എ5-1280/2023 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ കുരുവട്ടൂർ വില്ലേജിൽ സർവ്വേ 9/20 ല് പ്പെട്ട 02.02 ആർസ് വസ്തുവില് കെട്ടിടനിർമ്മാണത്തിന് ഹസ്ന , മുഹമ്മദ് , പടിഞ്ഞാറെ കായക്കാളി , പറമ്പിൽ പി. ഒ എന്നവർക്ക് 27.02.2020 ലെ എ2-358/19-20 നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ അനുവദിച്ച പെർമിറ്റില് നിന്ന് വ്യതിചലിച്ച് ടിയാൾ ഒന്നാം നിലയുടെ പണി ഭാഗീകമായി പൂർത്തിയാക്കുകയും ആയത് ക്രമവൽക്കരിക്കുന്നതിന് 27/01/2021 ല് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എൽ എസ് ജി ഡി വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിട നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തോടെയാണെന്ന് കണ്ടെത്തിയതിനാൽ

(തുടർന്ന)

നിർമ്മാണം ക്രമവൽക്കരിക്കാന് കഴിയില്ല എന്ന് അപേക്ഷകനെ അറിയിച്ചിരുന്നു. സൂചന കത്തിലെ ശുപാർശ പ്രകാരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂള് 20 (3) പ്രകാരം പരിഗണിക്കുന്നതിന് കംപ്ലീഷൻ പ്ലാന് , ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ എന്നിവ സമർപ്പിക്കാൻ 29.05.2023 ന് ടിയാൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. ടി രേഖകൾ സമർപ്പിക്കുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.

വിശ്വസ്തതയോടെ

M. FAISAL
Secretary
Kuruvattoor Grama Panchayat
P.O. Payambra, Kozhikode-673571

KURUVATTOOR GRAMA PANCHAYATH OFFICE
P.O. PAYAMBRA 673571